# അരുളാനന്ത സ്വാമി.

(വി. ജോൺ ഡി ബ്രിട്ടോ)

**By:**

റവ: ഫാദർ ശമുവേൽ ശങ്കരത്തിൽ

കിഴക്കുപുറം , പത്തനംതിട്ട.

പ്രസാധകൻ:-

ശ്രീ ജോസഫ് മണ്ണിപ്പറമ്പിൽ B. A. B. L.

കാഞ്ഞിരപ്പള്ളി.

1988.

www.malankaralibrary.com

Imprimature

## Rt. Rev. Dr. Mathias Kappil

BISHOP OF PUNALUR.

Punalur,
21-2-1988.

Nihil Obstat

## Very Rev. Fr. Walter Morris

Vicar,
St Mary's Cathedral, Punalur.

Punalur,
21-2-1988.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com



അരുളാനന്ദസ്വാമി (വി. ജോൺ ഡി ബ്രിട്ടോ)


www.malankaralibrary.com



നി. വ. ദി. മ. ശ്രീ
പൗലൂസ് മാർ ഫീലക്സീനോസ്
മെത്രാപ്പോലീത്താ

ജനനം : 1928 ഏപ്രിൽ 28.
വൈദികപട്ടം : 1961 ഡിസംബർ 24
മെത്രാൻസ്ഥാനം: 1967 ഡിസംബർ 16.
പുനരൈക്യം : 1977 ആഗസ്റ്റ് 28.

www.malankaralibrary.com



## റവ: ഫാദർ ശമുവേൽ ശങ്കരത്തിൽ

| | | |
|---|---|---|
| ജനനം | : | 1916-12-13 |
| വൈദികപട്ടം | : | 1949-6-2 |
| പുനരൈക്യം | : | 1951-3-9 |
| മരണം | : | 19 .............................. |

www.malankaralibrary.com

## ഗ്രന്ഥകാരന്റെ മററു കൃതികൾ.

1) വിശ്വാസവീരൻ
   [വി: തോമസ് മൂറിന്റെ ചരിത്രം]

2) ശങ്കരത്തിൽ കുടുംബചരിത്രം.

3) അറിവ്.

4) പ്രകാശം.

5) വിശുദ്ധ പാട്ടുകൾ.

6) ജീവിതയാത്ര.

7) കേരള കത്തോലിക്കർ.

www.malankaralibrary.com

## മംഗളാശംസ.

ആർച്ചുബിഷപ്പ് തിരുമേനിക്കു്.

(വിദ്വാൻ തോമസ് വൈദ്യൻ, ഇല്ലിമൂട്ടിൽ
ചങ്ങനാശേരി)

(മഞ്ജരി രീതി)

ഭാരതഭൂമിയിൽ മെത്രാഭിഷിക്തരാം
പേരെഴും പുണ്യചരിതരെല്ലാം
ബോധസ്വരൂപനെധ്യാനിച്ചു കമ്മറരി-
നാഥനായാരെത്തിരഞ്ഞെടുത്തു?

ആ വന്ദ്യനാം തിരുമേനി ഗ്രീഗോറിയോ-
സാവുന്നകാലം പ്രശസ്തിയോടെ
കല്യാതിരൂപതാഭാരംവഹിക്കുവാൻ
കല്യാണനാഥൻ കനിഞ്ഞീടട്ടെ

www.malankaralibrary.com

# പാവന സ്മരണ

നല്ല സാമ്പത്തിക ശക്തിയുള്ള തന്റെ സന്താനങ്ങളെ
ലൗകികകാര്യങ്ങളിൽ ഉന്നതരാക്കാൻ ശ്രമിക്കാതെ
പ്രഥമപുത്രൻ ശ്രീ. വർക്കി എം. ഏ. യെ
ഈശോസഭയിൽചേർത്ത് വൈദികനായി ആത്മീയ
കാര്യങ്ങൾ ചെയ്യുവാനും, തന്റെ പുത്രിമാരായ
റവ: സിസ്റ്റർ കാർമ്മൽ, റവ: സിസ്റ്റർ ഇമ്മാക്കലേററ്,
റവ: സിസ്റ്റർ സ്രാഫിയ എന്നിവരെ
സന്യാസിനികളായി കർത്താവിന്റെ മുന്തിരിത്തോപ്പിൽ
പ്രവർത്തിയ്ക്കുവാൻ ദൈവവിളിയുണ്ടാകുവാനും,
തന്റെ ദ്വിതീയ മകൻ ശ്രീ. ജോസഫിനെ
കത്തോലിക്കാസഭയ്ക്കുവേണ്ടി സേവനം ചെയ്യുവാൻ
പ്രാപ്തനാകുന്നതിനുവേണ്ടി പ്രാർത്ഥിക്കുകയും പ്രവർത്തി
ക്കുകയും ചെയ്യുകയും, കത്തോലിക്കാസഭാ
സ്ഥാപനങ്ങൾക്ക് പൊതുവെയും, തിരുവനന്തപുരം
അതിരൂപതയിൽപ്പെട്ട പുതുക്കുളം പള്ളിക്ക്
പ്രത്യേകിച്ചും സഹായം ചെയ്യുകയും ചെയ്തു
ഭാഗ്യമരണം പ്രാപിച്ച കാഞ്ഞിരപ്പള്ളിൽ
മണ്ണിപ്പറമ്പിൽ ശ്രീ. ഡോമിനിക്കിനോടുള്ള
പാവനസ്മരണയ്ക്ക്.

www.malankaralibrary.com

# പ്രസ്താവന.

സാമാന്യം ധനശക്തിയുള്ള കുടുംബത്തിലെ അംഗമായിട്ടാണ് ഞാൻ യാക്കോബായ സഭയിൽ വൈദികനായത്. കുടുംബ ജീവിതക്കാരനായ എനിക്ക്, ഗവൺമെൻറ് സ്ക്കൂൾ ജോലിയും, മൂന്ന് യാക്കോബായ പള്ളികളിലെ ആദായവും, ബന്ധുക്കളുടെ നല്ല സഹായവും ഉണ്ടായിരുന്നു. അങ്ങനെയിരിക്കെ ഞാൻ കത്തോലിക്കാസഭയേപ്പററി പഠിച്ചു ദൈവം സ്ഥാപിച്ച സഭ അതാണെന്നും, അതിൽചേർന്നെങ്കിലേ എനിക്ക് നിത്യരക്ഷ കിട്ടുകയുള്ളുവെന്നും മനസ്സിലായി. അപ്പോൾ ഗവ: ജോലി ഉപേക്ഷിച്ച് കത്തോലിക്കാസഭയിലേക്ക് പുനരൈക്യപ്പെട്ടാൽ സാമ്പത്തികമായി എനിക്ക് വളരെ പ്രയാസമുണ്ടാകുമല്ലോ എന്ന് ഞാൻ ചിന്തിച്ചു. എന്നാൽ കുടുംബജീവിതക്കാരനും ഇംഗ്ലണ്ടിലെ മന്ത്രിയുമായിരുന്ന 'തോമസ് മൂറിൻെറ' രക്തസാക്ഷിത്വം; പോർട്ടുഗലിലെ വൈസ്രോയിഉദ്യോഗം ഉപേക്ഷിച്ച് ഇൻഡ്യയിൽവന്നു സുവിശേഷവേലചെയ്തു രക്തസാക്ഷിയായ വി: ജോൺ ഡി ബ്രിട്ടോ (അരുളാനന്ത സ്വാമി) യുടെ ജീവിതം എന്നിവ ഞാൻ പഠിച്ചപ്പോൾ അവരെ ഞാൻ മദ്ധ്യസ്ഥരായി സ്വീകരിച്ചുകൊണ്ടു് ധൈര്യമായി 1951-ൽ കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ടു അവരുടെ മദ്ധ്യസ്ഥതയാൽ ഇതിനകം ഞാൻ അകത്തോലിക്കർ, ഹിന്ദുക്കൾ മുതലായ

www.malankaralibrary.com

രണ്ടായിരത്തിലധികം ജനങ്ങളെ പുനരൈക്യപ്പെടുത്തുകയും മേലധികാരികളുടെ അനുവാദത്തോടുകൂടി 4 പള്ളികൾ തുടങ്ങുകയും 16 കുരിശടികൾ തീർക്കുകയും ചെയ്തു. എന്റെ മിഷ്യൻവേലയ്ക്കു് മദ്ധ്യസ്ഥരായി ഞാൻ സ്വീകരിച്ചിട്ടുള്ള വി തോമസ് മൂറിന്റെ ചരിത്രം ഞാൻ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. വി: ജോൺ ബ്രിട്ടോയുടെ ജീവിതകഥ പ്രസിദ്ധപ്പെടുത്തുന്നതുകൊണ്ടു് എന്റെ മിഷ്യൻ സ്ഥലങ്ങളിലുള്ള തമിഴരുടെ ഇടയിൽ സുവിശേഷവേലയ്ക്കു് വളരെ പ്രയോജനം ചെയ്യുന്നതാണെന്നുള്ള എന്റെ ഗുണകാംക്ഷികളുടെ പ്രേരണയനുസരിച്ചു് ഞാൻ ഈ പുസ്തകം പ്രസിദ്ധപ്പെടുത്തുന്നതാകുന്നു. ഇതിനു് സഹായിച്ച സകലർക്കും നന്ദി പറഞ്ഞുകൊള്ളുന്നു.

കിഴക്കപുറം,
1988-2-4.

ഗ്രന്ഥകർത്താ.

www.malankaralibrary.com

രംഗം I

പോർട്ടുഗലിലെ വൈസ്രോയിയുടെ ഭവനം. വൈസ്രോയിയുടെ ഭാര്യ ഡോണാ ബിയാട്രിക്‌ പെരേര ഒരു കസേരയിൽ ഇരിക്കുന്നു. (ആ സ്ഥലത്തെ വികാരി അച്ചനും ഒരു ജസ്വിറ്റ് വൈദികനും പ്രവേശിക്കുന്നു. അച്ചന്മാരെ കണ്ടപ്പോൾ ഡോണാ എഴുന്നേററ് സ്തുതിചൊല്ലുന്നു. അവരുടെ അനുവാദത്തോടുകൂടി ഡോണാ ഇരിക്കുന്നു. മററുള്ളവരും ഇരിക്കുന്നു.)

**ഡോണാ:-** ബ: അച്ചന്മാർ എന്താണു വന്നതു്.?

**വികാരി:-** നിങ്ങളോടു് ഒരു പ്രത്യേക കാര്യം അറിയിക്കാൻ വന്നതാണു്.

**ഡോണാ:-** പറഞ്ഞാലും.

**വികാരി:-** നിങ്ങൾ നല്ല ദൈവാശ്രയമുള്ളവരാണു്. ഈ ഭവനത്തിൻെറ നാഥനായിരുന്ന ഡോൺ സാൽവദോർ ഡി ബ്രിട്ടോ വൈസ്രോയി മരിച്ചിട്ടു് കുറെ നാളുകളേ ആയുള്ളല്ലോ? അദ്ദേഹം സുവിശേഷവേലയിൽ വളരെ താല്പര്യമുള്ള ആളായിരുന്നു. പോർട്ടുഗലിൽ നിന്നു് ഇൻഡ്യയിലും മററും സുവിശേഷവേലക്കു് പോയിട്ടുള്ളവരെ അദ്ദേഹം വളരെ സഹായിച്ചിട്ടുണ്ടു്. ഇപ്പോൾ ഇൻഡ്യയിൽ ധാരാളം സുവിശേഷവേലക്കാരെ ആവശ്യമുണ്ടു്. അവിടെ സുവിശേഷവേല ചെയ്യുന്നവർ അധിക

www.malankaralibrary.com

വും ഈശോസഭാ വൈദികരാണ്. അതിൽ ഒരാളാണ് എൻ്റെകൂടെ വന്നിരിക്കുന്ന ഈ ബ: വൈദികൻ. അദ്ദേഹത്തിന് നിങ്ങളെ പരിചയമില്ല. നിങ്ങളെ പരിചയപ്പെടുത്താനാണ് ഞാൻകൂടി വന്നിരിക്കുന്നത് നിങ്ങളുടെ മകൻ ജോണിനെക്കൂടെ ഈശോസഭയിൽ ചേർത്ത് ഇൻഡ്യയിലേക്ക് സുവിശേഷവേലയ്ക്ക് അയയ്ക്കുന്നതിന് അദ്ദേഹം ആവശ്യപ്പെടുന്നു. അതുപറയാനാണ് ഞങ്ങൾ വന്നത്.

ഡോണാ:- ബ: പിതാക്കന്മാരേ! എൻ്റെ ഭർത്താവ് മരിച്ചിട്ട് 4 വർഷമേ ആയുള്ളൂ. അതിൻ്റെ തീരാത്ത ദുഃഖത്തിൽ ഞാൻ ഇരിക്കുകയാണ്. എൻ്റെ മൂത്തമകൻ ക്രിസ്റ്റോബർ ഈ രാജ്യത്തിനുവേണ്ടി യുദ്ധംചെയ്ത് 1663-ൽ മരിച്ചുപോയി, രണ്ടാമത്തെ മകൻ ഫെർനാൻഡോ കുടുംബഭരണം ഏററിരിക്കുകയാണ്. മൂന്നാമത്തെ മകൻ ജോൺ ഹെക്ടർ സൈന്യസേവനത്തിലാണ്. അടുത്ത മകനാണല്ലോ ജോൺ ഡി ബ്രിട്ടോ. അവനോട് ഇപ്പോഴത്തെ പോർട്ടുഗൽരാജാവിന് വലിയ താല്പര്യമാണ്. അദ്ദേഹത്തിൻ്റെ രാജകുമാരന്മാരായ അൽഫോൻസ്, പെഡ്റോ, എന്നിവരോടുകൂടി അവനെ അരമനയിൽ താമസിപ്പിച്ച് പഠിപ്പിക്കുകയാണ്. അവനെ അടുത്ത വൈസ്രോയി ആക്കണമെന്നാണ് രാജാവിൻ്റെ ആഗ്രഹം. ആ സ്ഥിതിക്ക് ഞാൻ അവനെ വൈദികവൃത്തിക്ക് വിടുവാൻ ആഗ്രഹിക്കുന്നില്ല. അവൻ ഗവർമ്മേൻറ് ഉദ്യോഗത്തിൽ പോകണമെന്നേ എനിക്ക് ആഗ്രഹമുള്ളൂ.

www.malankaralibrary.com

ശെവടീകൻ: ജോണിനെപ്പററി ദൈവവിളിയുണ്ടെങ്കിൽ അമ്മ അതു് സമ്മതിക്കണമെന്നാണ് എൻെറ അഭിപ്രായം.

ഡോണാ:- ബ: അച്ചന്മാരേ! എനിക്കു് അതിൽ ഇഷ്ടമില്ല. എന്നാലും ഞാൻ പ്രാത്ഥിക്കാം

(അച്ചന്മാർ പോകുന്നു)

## രംഗം II

[പോർട്ടുഗൽ രാജാവ് ജോൺ 4-ാമൻെറ അരമന]

ഒരു സേവകൻ ഓടിവരുന്നു.

രാജാവ്:- ആരതു്?

സേവകൻ:- അടിയൻ

രാജാവ്:- എന്താണു വിശേഷം?

സേവകൻ:- തിരുമേനീ! നമ്മുടെ രാജകുമാരന്മാരുടെ കൂടെ കോളജിൽ പഠിക്കുന്ന ജോൺ ഡി ബ്രിട്ടോയ്ക്കു് ഇന്നലെ രാവിലെമുതൽ ഒരു അസുഖം ഉണ്ടായിരുന്നു ഇപ്പോൾ പെട്ടെന്നു് ബോധംകെട്ടു് വീണുകിടക്കുന്നു. വിവരമറിയിക്കാൻ അടിയൻ വന്നതാണ്.

(രാജാവ് പെട്ടെന്നു് കോളജിൽ ചെല്ലുന്നു. അപ്പോഴേക്കും രോഗിയെ ആശുപത്രിയിലാക്കി ഡോക്ടറന്മാർ ശുശ്രൂഷിക്കുന്നു.)

www.malankaralibrary.com

രാജാവ്:- (ഡോക്ടർമാരോട്) എന്താണ് രോഗിയെ പ്പററി നിങ്ങളുടെ അഭിപ്രായം? രോഗിയുടെ പിതാവ് രാജ്യത്തിനുവേണ്ടി വളരെ ത്യാഗമനുഭവിച്ച് മരിച്ച വൈസ്രോയി ആയിരുന്നല്ലോ. അയാളുടെ മൂത്തമകൻ യുദ്ധസേവനത്തിൽ മരിച്ചു. വേറൊരു മകൻ ഇപ്പോൾ സൈന്യസേവനത്തിലാണ്. ഈ മകനെ അടുത്ത വൈ സ്രോയി ആക്കണമെന്നാണ് നമ്മുടെ ആഗ്രഹം. അയാ ളുടെ ആരോഗ്യത്തിൽ നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. എന്തു ചെലവുവന്നാലും ഞാൻതന്നെ വഹിച്ചുകൊള്ളാം.

ഡോക്ടർ.- തിരുമേനി! ഞങ്ങളുടെ കഴിവനുസരിച്ച് ഞങ്ങൾ ചികിത്സിയ്ക്കുന്നുണ്ട്. എന്നാൽ ജീവിക്കുന്ന കാര്യം സംശയമാണ്. ദൈവവും, നമ്മുടെ രാജ്യത്തി ൻെറ മദ്ധ്യസ്ഥനായ ഫ്രാൻസിസ് സേവിയറുംകൂടി ഒരു അതിശയംപ്രവർത്തിച്ചാൽ രോഗി രക്ഷപെട്ടേക്കും. ഞങ്ങൾക്കു് ധൈര്യമില്ല.

(രാജാവ് സങ്കടപ്പെടുന്നു. അപ്പോഴേക്ക് ജോണി ൻെറ മാതാവ് ഓടിവന്നു് മകനെചുംബിച്ച് ഫ്രാൻസി സ് സേവ്യറോട്ട് അപേക്ഷിക്കുന്നു. അത്ഭുതകരമായ നിലയിൽ ജോൺ എഴുന്നേററിരുന്നു് പ്രാർത്ഥിയ്ക്കുന്നു, പാൽ വാങ്ങി കുടിക്കുന്നു)

അമ്മ:- മകനേ! ഇൻഡ്യയിൽപോയി സുവിശേഷവേല ചെയ്യണമെന്നുള്ള നിൻെറ ആഗ്രഹത്തിനു് ഞാൻ തട സ്സം പറഞ്ഞല്ലോ? അതിനു് ദൈവം എനിക്കുതന്ന ഒരു പരീക്ഷയാണിതു്. ദൈവത്തിൽ നീ കൂടുതലായി ആശ്ര യിച്ചു പ്രാർത്ഥിച്ചുകൊള്ളുക. നമ്മുടെ രാജ്യത്തിൻെറ

www.malankaralibrary.com

മദ്ധ്യസ്ഥൻ ഇൻഡ്യയിൽ സുവിശേഷവേല ചെയ്ത ആളാണല്ലോ? അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയിലാണ് നിനക്കു് സുഖം കിട്ടിയിരിക്കുന്നതു്. ഈ രാജ്യത്തിലെ പാരമ്പര്യമനുസരിച്ചു് നീ കുറേനാളത്തേക്കു് അദ്ദേഹത്തിൻെറ വേഷം ധരിച്ചു് നടന്നുകൊള്ളണം.

(മൂന്നു ദിവസം കഴിഞ്ഞു് ആശുപത്രിയിൽനിന്നു് ജോൺ രാജകുമാരന്മാരുടെകൂടെ അരമനയിലേക്കു് പോകുന്നു.)

## രംഗം III

1661 ഡിസംബർ 2.

വി: ഫ്രാൻസിസ് സേവിയറിൻെറ 109-ാം ചരമവാർഷികം:

ജോണിൻെറ 14-ാം ജന്മവാർഷികം.

[ജോൺ ബ്രിട്ടോയുടെ ഭവനം.]

ജോണിൻെറ അമ്മയും സഹോദരന്മാരും, സഹോദരിയും, 2 രാജകുമാരന്മാരും പ്രഭുക്കന്മാരും, പല ബന്ധുക്കളും, സ്നേഹിതരും, വികാരി അച്ചനും ഇരിയ്ക്കുന്നു. അവരെല്ലാം ജോണിനു് പിറന്നാൾസമ്മാനങ്ങൾ കൊടു

www.malankaralibrary.com

ക്കുന്നു മംഗളാശംസകൾ നേരുന്നു. വിഭവസമൃദ്ധമായ സല്ക്കാരങ്ങൾ നടക്കുന്നു. ജോൺ കൃതജ്ഞത പറയാൻ എഴുന്നേല്ക്കുന്നു.

ജോൺ:- ബ: വികാരിയച്ചാ! വാത്സല്യ അമ്മേ! പ്രിയപ്പെട്ട സഹോദരങ്ങളേ! വന്ദ്യ രാജകുമാരന്മാരേ! പ്രഭുക്കളേ! സ്നേഹിതരേ! നിങ്ങൾ തന്ന എല്ലാ സമ്മാനങ്ങൾക്കും ഞാൻ നന്ദിപറയുന്നു. പക്ഷേ! നിങ്ങൾതന്ന സമ്മാനങ്ങളെല്ലാം നശിച്ചുപോകുന്നതാണ്. നശിച്ചുപോകാത്ത സമ്മാനംതരാൻ ദൈവത്തിനുമാത്രമേ സാധിക്കൂ. അതു് എനിക്കു കിട്ടാൻ നിങ്ങൾ സഹായിക്കണമെന്നു് നിങ്ങളോട് ഞാൻ അപേക്ഷിക്കുന്നു.

അമ്മ: - മകനേ! നിന്റെ ആരോഗ്യക്കുറവിൽ എനിക്കു് വിഷമമുണ്ടു്.

ജോൺ:- അമ്മേ! ആരോഗ്യം തരുന്ന ദൈവത്തിൽ ഞാൻ പരിപൂർണ്ണമായി ആശ്രയിക്കുകയാണ്. ഈശോസഭയിൽചേർന്നു് ഇൻഡ്യയിൽ സുവിശേഷവേലയ്ക്കു് പോകാൻ ഞാൻ ആഗ്രഹിക്കുന്നു. അമ്മ അതിനു് എന്നെ അനുഗ്രഹിച്ചു് അനുവദിക്കണം. നിങ്ങളെല്ലാവരും എനിക്കുവേണ്ടി പ്രാർത്ഥിക്കണം.

(അമ്മ മകനെചുംബിച്ചു് അനുവദിക്കുന്നു. ശേഷമുള്ളവർ പിരിഞ്ഞുപോകുന്നു.)

www.malankaralibrary.com

## രംഗം IV

### ലിസ്ബൺ തുറമുഖം. 1673 മാർച്ച് 15

ഈശോസഭയിൽനിന്നും വൈദികപട്ടമേറ്റ ജോൺ ഡി ബ്രിട്ടോ അച്ചനും, അദ്ദേഹത്തിന്റെകൂടെ 16 പേരും ഇൻഡ്യയിലേക്കും, ചൈനായിൽപോകാൻ 8 മിഷ്യനറിമാരും തുറമുഖത്തുവന്ന് കപ്പൽ കയറാൻ തുടങ്ങുന്നു. വൈദികരും, ബന്ധുക്കളും, രാജകുടുംബാംഗങ്ങളുമുൾപ്പെടെ അനേകർ വന്ന് അവർക്ക് സമ്മാനങ്ങൾ കൊടുക്കുന്നു എല്ലാവരും മുട്ടുകുത്തി പ്രാർത്ഥിച്ചിട്ട് വൈദികരുടെ കൈകൾ മുത്തുന്നു ജോൺ ഡി ബ്രിട്ടോ അച്ചന്റെ ആശീർവ്വാദം വാങ്ങിച്ചശേഷം അമ്മ കണ്ണുനീരോടുകൂടി മകനെ ചുംബിച്ച് യാത്ര പറയുന്നു. യാത്രക്കാർ ആൾമിറാൻറാ, ക്യാപ്പിററാന എന്നീ കപ്പലുകളിലേയ്ക്ക് കയറുന്നു. കാഴ്ചക്കാർ പ്രാർത്ഥിച്ചുകൊണ്ടും മംഗളം നേർന്നുകൊണ്ടും പിരിഞ്ഞുപോകുന്നു.

## രംഗം V

### ഗോവാ തുറമുഖം. 1673 സെപ്റ്റംബർ 6.

(ആൾമിറാന്റാ, ക്യാപ്പിററാനാ എന്നീ കപ്പലുകൾ ഗോവാ തുറമുഖത്ത് അടുക്കുന്നു)

ഗോവായിലെ സഭാധികാരികൾ സന്തോഷത്തോടുകൂടി മിഷ്യനറിമാരെ സ്വീകരിക്കുന്നു. കപ്പലിലെവിശേ

www.malankaralibrary.com

ഷങ്ങൾ ചോദിയ്ക്കുന്നു ഇൻഡ്യയിലെ മിഷ്യനറിനേതാവായിരുന്ന ഡാകോസ്റ്റാ എന്ന വൈദികനും കപ്പലിൽ ഉണ്ടായിരുന്ന പലരും മരിച്ചതായി കേട്ടപ്പോൾ അവർ ദുഃഖിച്ചു കരയുന്നു. യാത്രക്കാരും സന്ദർശകരും കൂടി ഫ്രാൻസിസ് സേവിയറിന്റെ തിരുശരീരം ഇരിയ്ക്കുന്ന പള്ളിയിൽചെന്നു പ്രാർത്ഥിക്കുന്നു.

## രംഗം VI

[അമ്പഴക്കാട്ടു് വൈദിക കോളേജ്.]

കോളേജിൽ അദ്ധ്യാപകനായി നിയമിച്ച ജോണച്ചൻ വിദ്യാർത്ഥികളെ പഠിപ്പിച്ചുകൊണ്ടിരിയ്ക്കുന്നു. ഉടനെ അവിടുത്തെ വേറൊരു അദ്ധ്യാപകനായ ആൻറുപ്രെയർ എന്ന അച്ചൻ; മുമ്പു് ഡിനോബലി എന്ന വൈദികൻ മധുരയിൽ സുവിശേഷവേല ചെയ്തിട്ടുള്ള വിവരങ്ങളടങ്ങിയ കുറെ പുസ്തകങ്ങൾ കൊണ്ടുവരുന്നു. ജോണച്ചൻ അതു് വായിച്ചിട്ടു് തനിക്കും മധുര മിഷ്യനിൽപോയി സുവിശേഷവേല ചെയ്യണമെന്നു് നിശ്ചയിക്കുന്നു. അതിനു് അനുവാദംകിട്ടുവാൻ മേലധികാരികൾക്കു് ഒരു അപേക്ഷ എഴുതി പോസ്റ്റാഫീസിലിടുവാൻ കൊടുത്തയയ്ക്കുന്നു.

www.malankaralibrary.com

## രംഗം VII

1676 ഡിസംബർ 2.    കൊള്ളായി മിഷ്യൻ ഭവനം.

(അവിടെ സുവിശേഷവേല ചെയ്യുന്ന ഫ്രയിറോ എന്ന അച്ചൻ; തന്നെ സഹായിക്കാൻ മേലധികാരികൾ നിയമിച്ച ജോൺ അച്ചനുമായി സംസാരിയ്ക്കുന്നു; ഇൻഡ്യയിലെ സന്യാസികളുടെ വേഷം ധരിയ്ക്കാനും, തമിഴ്, സംസ്കൃതം മുതലായ ഇൻഡ്യൻ ഭാഷകൾ പഠിക്കുവാനും നിശ്ചയിക്കുന്നു. അരുളാനന്ദ സ്വാമി എന്ന പേരും സ്വീകരിക്കുന്നു.)

ഫ്രയിറോ അച്ചൻ:- (ജോണച്ചനോട്) അച്ചാ! ദൈവത്തിന്റെ പരിപാലനയിൽ വിശ്വസിച്ച് നമുക്ക് സുവിശേഷവേല ചെയ്യാം. ഇവിടുത്തെ ജനങ്ങൾ തീരെ വിദ്യാഭ്യാസമില്ലാത്തവരും ചിലർ കൊള്ളക്കാരുമാകുന്നു. അവരോട് സുവിശേഷമറിയിക്കുന്നത് വളരെ പ്രയാസമാകുന്നു. ഏതായാലും "താത്തുവാൻ" എന്ന ചേരിസ്ഥലത്ത് അച്ചൻ പ്രവർത്തിക്കണം. നിവർത്തിയുള്ളതും ദിവസത്തോറും ഇങ്ങുവരണം. ഞാൻ ഇവിടെത്തന്നെ (കൊള്ളായിയിൽ) പ്രവർത്തിക്കാം.

[അപ്പോഴേക്ക് അവിടെ ജ്ഞാനസ്നാനത്തിന് കൊണ്ടുവന്ന കുറെ ഹിന്ദുക്കളെ അച്ചന്മാർ രണ്ടുപേരും കൂടി ജ്ഞാനസ്നാനപ്പെടുത്തുന്നു.]

www.malankaralibrary.com

## രംഗം VIII

### കുത്തൂർ മിഷ്യൻ ഭവനം [1682]

(ഫാദർ ജോൺ പ്രാർത്ഥിച്ചുകൊണ്ടുനില്ക്കുന്നു. രണ്ടു ബ്രാഹ്മണയുവാക്കൾ വന്നു് അച്ചനെ വന്ദിച്ചു് വാദപ്രതിവാദത്തിനു് ക്ഷണിക്കുന്നു.)

അച്ചൻ:- നമസ്ക്കാരം, സഹോദരന്മാർ ഇരുന്നാലും (ബ്രാഹ്മണർ ഇരിയ്ക്കുന്നു.)

അച്ചൻ:- എന്തുണ്ടു് വിശേഷം?

ബ്രാഹ്മ:- ഫാദർ, ഹിന്ദുമതത്തിൽനിന്നും ധാരാളം ജനങ്ങളെ ക്രിസ്തുമതത്തിൽ ചേർക്കുന്നുണ്ടല്ലോ.? അതിന്റെ ആവശ്യം എന്താണ്? എല്ലാവരും തലയിലെഴുത്തു് അനുസരിച്ചല്ലേ ജനിയ്ക്കുന്നതും, പ്രവർത്തിക്കുന്നതും, മരിക്കുന്നതും. പിന്നെ എന്തിനാണ് മതം മാററുന്നതു് ?

അച്ചൻ:- തലയിലെഴുത്തു് എന്നൊരു സംഗതി ഇല്ല. ഉണ്ടെങ്കിൽ മനുഷ്യർ ചെയ്യുന്ന സകല തിന്മയും ഈശ്വരന്റെ ഇഷ്ടമനുസരിച്ചാണെന്നു സമ്മതിക്കേണ്ടിവരും. നിങ്ങൾ വിശ്വസിക്കുന്ന ത്രിമൂർത്തികൾ തമ്മിൽ സന്മാർഗ്ഗവിരുദ്ധമായ പലകാര്യങ്ങളും ചെയ്തിട്ടുള്ളതായി പുരാണത്തിൽ പറയുന്നുണ്ടല്ലോ? അതു് അവരുടെ തലയിലെഴുത്താണെന്നു പറയാമോ? അവതാരപുരുഷന്മാർചെയ്തതായി

www.malankaralibrary.com

പറയുന്ന പല ദുർമ്മാർഗ്ഗങ്ങളും തലയിലേഴുത്തായി നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?

(ഇതുകേട്ട് ബ്രാഹ്മണർ കോപിച്ച് മറുപടി പറയാതെ ഇറങ്ങിപ്പോകുന്നു) (ഉടനെ മന്നാർകോവിൽ, കുംഭകോണം എന്നീ സ്ഥലങ്ങളിലെ 4 ഉപദേശിമാർവന്ന് ആ സ്ഥലങ്ങളിൽ ജ്ഞാനസ്നാനത്തിന് തയ്യാറായിരിക്കുന്നവരെ ജ്ഞാനസ്നാനപ്പെടുത്തുവാൻ അച്ചന്മാരെ ക്ഷണിച്ചതിനാൽ അച്ചന്മാർ അങ്ങോട്ടുപോകുന്നു. അച്ചന്മാർ തിരികെവന്നപ്പോൾ മധുരയിലുള്ള ഹൈന്ദവരാജാക്കന്മാരെല്ലാവരുംകൂടി ക്രിസ്ത്യാനികളെമുഴുവൻ നശിപ്പിക്കണമെന്നുള്ള വിളംബരം പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന വിവരം ഒരു ഉപദേശി അച്ചന്മാരെ അറിയിക്കുന്നു.)

## രംഗം IX

### തഞ്ചാവൂർ മിഷ്യൻഭവനം

[ജോണച്ചൻ മുട്ടിന്മേൽനിന്ന് ജപമാല ചൊല്ലുന്നു. ഒരു ഉപദേശി കരഞ്ഞുകൊണ്ട് ഓടിവന്ന് അച്ചനെ വിളിക്കുന്നു.]

അച്ചൻ:- (എഴുന്നേററ്) ഉപദേശീ, എന്താണു കാര്യം?

ഉപദേശി:- (നിലവിളിച്ചുകൊണ്ട്) അച്ചാ! അച്ചനേയും ഞങ്ങളേയും തടവിലിടാൻ പട്ടാളക്കാർ വരുന്നു. അച്ചൻ പോകല്ലേ? ഞങ്ങൾ പോയി മരിച്ചുകൊള്ളാം.

www.malankaralibrary.com

അച്ചൻ:- (ഉപദേശിയെ ധൈര്യപ്പെടുത്തിയിട്ടു്.) മകനേ! ഞാൻ നിങ്ങളുടെ ഇടയനല്ലേ? ഞാനാണു് നിങ്ങൾക്കുവേണ്ടി മുമ്പിൽ മരിക്കേണ്ടതു്. യേശുക്രിസ്തു അങ്ങനെയല്ലേ ചെയ്തതു്? നിങ്ങൾ ധൈര്യപ്പെടുവിൻ.

(പട്ടാളക്കാർ വന്നു് അച്ചനേയും; ഇരുന്നൂറിൽ കൂടുതൽ വിശ്വാസികളെയും വിലങ്ങുവെച്ചു് തടവിലിടുന്നു കൊലയാളികളിലൊരാൾ അച്ചനെ വെട്ടാനായി മൂന്നു പ്രാവശ്യം വാൾ ഓങ്ങുന്നു. ഉടനെ അച്ചന്റെ മുഖം പ്രകാശിക്കുന്നു. എട്ടാംദിവസം എല്ലാവരെയും വിടുന്നു.)

## രംഗം X

### 1682 ജൂലായി 17

ജോണച്ചൻ രാമനാട്ടു് മിഷ്യൻ അതിർത്തിയിൽ പെട്ട "മംഗലം" എന്ന സ്ഥലത്തു് സുവിശേഷപ്രസംഗം നടത്തുന്നു. അവിടത്തെ ദിവാൻ കുമാരപിള്ളയുടെ ഉത്തരവനുസരിച്ചു് അച്ചനേയും 6 ഉപദേശിമാരെയും വിലങ്ങുവയ്ക്കുന്നു. ജയിലിൽ കൊണ്ടുപോയി അടയ്ക്കുന്നു. പട്ടാളക്കാർവന്നു് എല്ലാവരേയും അടിയ്ക്കുകയും തൊഴിക്കുകയും ചെയ്യുന്നു. അച്ചനെ പാദങ്ങൾ തറയിൽ തട്ടാത്തവണ്ണം ഒരു തൂണിൽ വരിഞ്ഞുകെട്ടി അടിയ്ക്കുന്നു. രക്തം ധാരധാരയായി ഒഴുകുന്നു ഒരു തുള്ളി വെള്ളം പോലും കൊടുക്കാതെ പന്ത്രണ്ടുമണിക്കൂറിൽ കൂടുതൽ അങ്ങനെ ഇടുന്നു. അച്ചന്റെ സഹായികളായിരുന്ന

www.malankaralibrary.com

കണകപ്പൻ, സത്യനാഥച്ചെട്ടി, പഞ്ചമങ്ങരുളൻ, എന്നിവരേയും കഠിനമായി ഉപദ്രവിക്കുന്നു സിൽവനായ്ക്കർ, സൂരപ്പൻ എന്നിവരെ നെഞ്ചിലും മുതുകിലും അസ്ഥികൾ തെളിഞ്ഞുകാണുന്നതുവരെ ചൂരൽകൊണ്ടടിക്കുന്നു. സൂരപ്പൻ ബോധംമറഞ്ഞ് നിലത്തുവീഴുന്നു. അയാളുടെ പാദങ്ങൾ തീവെച്ച് കരിയ്ക്കുന്നു. എല്ലാവരേയും കാളിയാർകോവിൽ ക്ഷേത്രത്തിലേക്കു കൊണ്ടുപോകുന്നു.

## രംഗം XI

### കാളിയാർകോവിൽ ക്ഷേത്രം.

ജോണച്ചനും കൂടെയുള്ള തടവുകാരും അവശരായി നടന്ന്, കാളിയാർകോവിൽ ക്ഷേത്രത്തിന് അടുത്തുള്ള മരച്ചുവട്ടിൽ തളർന്നുവീഴുന്നു. അച്ചനെ തലകീഴായി ഒരു മരത്തിൽ കെട്ടിത്തൂക്കുന്നു രണ്ടുകൈകളും എതിരെയുള്ള രണ്ടു വൃക്ഷക്കൊമ്പുകളിലേക്ക് പിടിച്ചുകെട്ടുന്നു പിന്നീട് താഴെയിറക്കി കൈയിലും കാലിലും വിലങ്ങുകൾ വെയ്ക്കുന്നു. ഇവരെ കഷണം കഷണമായി മുറിച്ചു തീയിലിട്ട് ദഹിപ്പിക്കുവാൻ ഉള്ള രാജാവിൻെറ വിധിയും വായിച്ചുകേൾപ്പിയ്ക്കുന്നു. പന്ത്രണ്ടുദിവസം ജയിലിൽ കിടക്കുന്നു.

www.malankaralibrary.com

# രംഗം XII

## പഗാനി ശിവക്ഷേത്രം.

ശിവനെ ഭജിക്കുന്നതിനായി ജോണച്ചനേയും, ശേഷമുള്ള തടവുകാരെയും പഗാനി ശിവക്ഷേത്രത്തിൽ ഭടന്മാർ കൊണ്ടുപോയി ഇരുത്തുന്നു. ദിവാൻകുമാരപിള്ള അവിടെവന്നു് ശിവനെ വന്ദിക്കുവാൻ അവരെ നിർബ്ബന്ധിയ്ക്കുന്നു. സകലസൃഷ്ടികളുടേയും ഉടയവനായ ഏകദൈവത്തെയല്ലാതെ മറ്റാരെയും ഞങ്ങൾ വന്ദിക്കുന്നതല്ലെന്നു് അവർ ഉറപ്പിച്ചുപറയുന്നു ദിവാൻ കോപിച്ചിട്ടു് അവസാനവിധി ഇങ്ങനെ പറയുന്നു "നമുക്കെതിരായി നമ്മുടെ രാജ്യത്തു് ക്രിസ്തുമതം പ്രചരിപ്പിക്കാൻ ശ്രമിച്ച കുററത്തിനു് ഫാദറിനെ കൈകാലുകൾ മുറിച്ച ശേഷം കഴുത്തുവെട്ടി കൊല്ലണം. അയാളുടെ രണ്ടു് ഉപദേശിമാരെയും അങ്ങനെ ചെയ്യണം ചെറുപ്പക്കാരായ ശേഷമുള്ള എല്ലാവരേയും ഓരോ കാലും, ഓരോ കൈയ്യും ചെവികളും, നാക്കും, മൂക്കും മുറിച്ചുവിടണം"

(ഇതുകേട്ടു് തടവുകാർ, തങ്ങൾക്കു് രക്തസാക്ഷിത്വം സ്വീകരിയ്ക്കാൻ സമയമടുത്തതിൽ സന്തോഷിച്ചു് പത്തുകല്പന ചൊല്ലുന്നു. വിധിപറഞ്ഞശേഷം രാജാവിന്റെ അനുവാദം വാങ്ങിക്കാൻ കുമാരപിള്ള പോകുന്നു.

(അച്ചനെ പട്ടാളക്കാർ ഭയങ്കര ചൂടുള്ള പാറപ്പുറത്തു് കയറുകൊണ്ടു് കെട്ടിയിട്ടു് ഉരുട്ടുന്നു മാംസം കീറത്തക്കവണ്ണം പാറയോടുചേർത്തു് ചവിട്ടി അടിയ്ക്കുന്നു. സിൽവനായ്ക്കരെ അടിച്ചപ്പോൾ ഒരു കണ്ണു് വെളിയ്ക്കു ചാടുന്നു. ജോണച്ചൻ ആ കണ്ണെടുത്തു പ്രാർത്ഥിച്ചു്

www.malankaralibrary.com

സിൽവനായ്ക്കുരുടെ കണ്ണിൽവെച്ച് സുഖപ്പെടുത്തുന്നു. അപ്പോഴേക്ക് കുമാരപിള്ള വന്നു് 22 ദിവസംകൂടി അവരെ ജയിലിലിടാൻ പറഞ്ഞിട്ട് പോകുന്നു.)

## രംഗം XIII

### രാമനാട്ടിലെ ഒരു ഇടുങ്ങിയമുറി.

ഫാദർ ജോണിനേയും കൂട്ടരേയും പട്ടാളക്കാർ കൊണ്ടുവന്നു് അതിൽ ഇടുന്നു ബ്രാഹ്മണർവന്നു് അവരെ ആക്ഷേപിക്കുന്നു. വിവരമറിഞ്ഞു് 'വിജയരംഗനാഥ ത്തേവർ' രാജാവ് ഫാദറിനെവരുത്തി കൊട്ടാരത്തിൽ വെച്ച് മതകാര്യങ്ങളേപ്പററി സംസാരിക്കുന്നു. ഏകദൈവത്തിലുള്ള വിശ്വാസം, യേശുക്രിസ്തുമൂലമുള്ള രക്ഷ, പത്തു കല്പനകൾ എന്നിവയേപ്പററി വിശദീകരിച്ചപ്പോൾ രാജാവിനു് അച്ചനോടു് ബഹുമാനംതോന്നുന്നു. നിങ്ങൾ ഒരു ഉത്തമപുരോഹിതനും യഥാർത്ഥ ത്യാഗിയായ ഒരു സന്യാസിയുമാണെന്നു പറഞ്ഞു് അച്ചനെ അനുമോദിക്കുന്നു, മേലാൽ തന്റെ രാജ്യാതിർത്തിക്കുള്ളിൽ ക്രിസ്തുമതപ്രചരണം നടത്തിയാൽ തന്റെ വാൾകൊണ്ടു് ജീവനാശംവരുത്തുമെന്നു് പറഞ്ഞു് സന്യാസിയേയും കൂട്ടരേയും തടവിൽനിന്നു് വിടുവാൻ കല്പിക്കുകയും ചെയ്യുന്നു.

www.malankaralibrary.com

## രംഗം XIV

ജോണച്ചന്റെ അമ്പഴക്കാട്ടെ വീണ്ടുമുള്ള താമസം

അമ്പഴക്കാട്ടെ വൈദീക കോളേജിൽ ജോണച്ചൻ ആരോഗ്യം കിട്ടുവാനായി വിശ്രമിക്കുന്നു. തമിഴ്നാട്ടിൽ തന്നെ വേലചെയ്തു് രക്തസാക്ഷിയാകുവാൻ തനിക്കു് ഭാഗ്യംതരണമേയെന്നു് പ്രാൎത്ഥിക്കുന്നു. ഉടനെ മധുര മിഷ്യനിലെ പ്രധാന പ്രവർത്തകനായിരുന്ന ഫാദർ ഫ്രോസ്സു് മരിച്ചിരിക്കുന്നതിനാൽ, ആ സ്ഥാനം ജോണച്ചൻ സ്വീകരിക്കാനായി പോർട്ടുഗലിലേക്കു് പോകുന്നതിന്നു് അനുവദിച്ചിരിക്കുന്നതായുള്ള മേലധികാരികളുടെ ഉത്തരവുമായി ഒരാൾവരുന്നു. ജോണച്ചൻ അതുവായിച്ചിട്ടു് പോർട്ടുഗലിലേക്കുപോകുവാൻ കപ്പൽ ഇടപാടു ചെയ്യുവാൻ രണ്ടു പേരെ നിയമിക്കുന്നു. അദ്ദേഹം തുടർന്നു് പ്രാർത്ഥിക്കുന്നു.

## രംഗം XV

ലിസ്ബൺ തുറമുഖം. 1687 സെപ്തംബർ 8.

ഫാദർ ജോണും കൂട്ടുകാരും കപ്പലിൽനിന്നു് ഇറങ്ങുന്നു. തന്റെ കൂട്ടുകാരനും അപ്പോഴത്തെ പോർട്ടുഗൽ രാജാവുമായ പെഡ്രോ രണ്ടാമൻ, പോർട്ടുഗലിലെ ഉയർന്ന ഉദ്യോഗസ്ഥന്മാർ, തന്റെ അമ്മ, സഹോദരന്മാർ, സഹോദരി, ബന്ധുക്കൾ മുതലായ വമ്പിച്ച ഒരു സംഘം ആളുകൾ തുറമുഖത്തു് എത്തുന്നു. അവരെല്ലാം

www.malankaralibrary.com

ഷിശേഷങ്ങൾ ചോദിക്കുന്നു. ഇന്ത്യയിൽവച്ച് ജോണച്ചനും സഹായികൾക്കുമുണ്ടായ ഉപദ്രവങ്ങൾ അറിഞ്ഞപ്പോൾ എല്ലാവരും ദുഃഖിക്കുകയും, അമ്മ തന്റെ മകനെ ചുംബിച്ചുകരയുകയും ചെയ്യുന്നു ധാരാളം സമ്മാനങ്ങൾ ഓരോരുത്തർ കൊടുക്കുന്നു. രാജാവ് അച്ചനേയും കൂട്ടരേയും കൊട്ടാരത്തിലേക്ക് കൊണ്ടുപോകുന്നു. അച്ചൻ സമീപത്തുള്ള കോളേജുകളിലും മറ്റുസ്ഥാപനങ്ങളിലും ചെന്ന്, ഇന്ത്യയിലേക്ക് സുവിശേഷവേലയ്ക്ക് തന്നോടുകൂടിവരുവാൻ പലരേയും ഉപദേശിക്കുന്നു. ധാരാളം ആളുകൾ അതിന് തയാറാകുന്നു.

## രംഗം XVI

### ലിസ്ബൺ തുറമുഖം.

സാൻറിയാഗോ, ആൾമിറാവിയ, എന്നീ കപ്പലുകൾ അവിടെ കിടക്കുന്നു. ജോണച്ചനും വേറെ 14 പട്ടക്കാരും 13 വൈദീക വിദ്യാർത്ഥികളും ഗോവായിലേക്ക് കപ്പൽ കയറുന്നു. പോർട്ടുഗലിലെ രാജാവുൾപ്പെടെ അനേകർ വിലയേറിയ സമ്മാനങ്ങൾ യാത്രക്കാർക്ക് കൊടുക്കുന്നു. 2 വർഷത്തിനകം അച്ചൻ തിരികെ പോർട്ടുഗലിൽ ചെല്ലണമെന്ന് രാജാവ് നിർബന്ധിച്ചുപറയുന്നു. അമ്മ അച്ചനോട് ആശീർവ്വാദം വാങ്ങുന്നു. അച്ചൻ അമ്മയെ ചുംബിക്കുന്നു. എല്ലാവരും സന്തോഷത്തോടെ കപ്പലിലുള്ളവരെ യാത്രയാക്കുന്നു.

www.malankaralibrary.com

## രംഗം XVII

ഗോവാ തുറമുഖം.

ജോണച്ചനും കൂട്ടരുംകൂടി കപ്പലിൽനിന്നിറങ്ങുന്നു. ഗോവാ പാത്രിയർക്കീസ്, മെത്രാന്മാർ, പട്ടക്കാർ, ഉയന്ന ഉദ്യോഗസ്ഥന്മാർ മുതലായി വമ്പിച്ച ജനക്കൂട്ടം അവരെ സ്വീകരിയ്ക്കുന്നു. മെത്രാസനപ്പള്ളിയിലും മററുമായി മൂന്നു മാസം താമസിക്കുന്നു. പിന്നീട് കൊച്ചിവഴി രാമനാട്ടിലേയ്ക്ക് പോകുവാൻ തീർച്ചയാക്കുന്നു. ഉടനെ ജോണച്ചനെ, ഫലന്തൂർ എന്ന രൂപതയുടെ മെത്രാപ്പോലീത്തായായി നിയമിച്ചിരിക്കുന്നുവെന്നുള്ള കല്പന അച്ചനെ ഏല്പിക്കുന്നു. താൻ അതിനു യോഗ്യനല്ലെന്നും അതിനാൽ തന്നെ അതിൽനിന്നും ഒഴിവാക്കണമെന്നും കാണിച്ച് മേലധികാരികളെ ഏല്പിക്കുവാൻ ഒരു എഴുത്ത് എഴുതി ഗോവായിലെ പാത്രിയർക്കീസിനെ ഏല്പിച്ചിട്ട് അദ്ദേഹവും കൂട്ടരുംകൂടി കൊച്ചിവഴി 1691 മെയ്മാസത്തിൽ രാമനാട്ടിൽ എത്തുന്നു.

## രംഗം XVIII

രാമനാട്ടിൽ തിരുപ്പള്ളി എന്ന സ്ഥലം

തടിയയ്യാത്തേവർ രാജകുമാരന്റെ കൊട്ടാരം

(രാജകുമാരൻ കൊട്ടാരത്തിൽ ഇരിക്കുന്നു.
സേവകർ അടുത്തു് നില്ക്കുന്നു.)

രാജകുമാരൻ:- സേവകാ!

സേവ:- അടിയൻ.

www.malankaralibrary.com

രാജ:- സേവകാ! നമ്മുടെ നാട്ടിൽ ക്രിസ്തുമതപ്രവർത്തകനായി ഒരു സന്യാസി വന്നിട്ടുണ്ട് എന്നറിയുന്നു. അയാൾ സംസ്കൃതം, തമിഴ്, ഹൈന്ദവപുരാണങ്ങൾ എന്നിവയിൽ നല്ല അറിവുള്ളവനാണ്. ഭാരതീയസന്യാസികളെപ്പോലെ മത്സ്യമാംസങ്ങൾ ഉപേക്ഷിച്ച് മെതിയടി, ദണ്ഡ് മുതലായവ ഉപയോഗിച്ച് കാവിവസ്ത്രവും ധരിച്ച് "അരുളാനന്ത സ്വാമി" എന്ന പേരിൽ ഒരു മഹർഷിയേപ്പോലെയാണ് ജീവിക്കുന്നത്. തന്നെയുമല്ല, ആ സന്യാസിയുടെ പ്രാർത്ഥനയാൽ പലരോഗികൾക്കും സുഖംകിട്ടുന്നതായി അറിയുന്നു. എന്റെ സുഖക്കേടിന്റെ വിവരം അദ്ദേഹത്തിനെ ഒന്നറിയിക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. ഒരാൾ പോകണം.

രാജ:- സേവകാ!

സേവകൻ:- അടിയൻ

രാജ:- ഇപ്പോൾതന്നെ പോകണം.

സേവകൻ:- കല്പനപോലെ, പോകാമല്ലോ!

(സേവകൻ ജോണച്ചന്റെ അടുക്കൽ വിവരമറിയിച്ചപ്പോൾ ഉടനെ വന്നുചേരാൻ സാധിക്കുകയില്ലെന്ന് പറഞ്ഞ് ഒരു ശിഷ്യനെ പറഞ്ഞയയ്ക്കുന്നു. ഞാൻ രോഗിയ്ക്കുവേണ്ടി പ്രാർത്ഥിയ്ക്കുന്നുണ്ടെന്ന് രാജകുമാരനെ അറിയിക്കണമെന്ന് പറയുകയും ചെയ്യുന്നു. രാജകുമാരന് സുഖക്കേടുകൂടുന്നു. ശിഷ്യൻ, യേശുക്രിസ്തുമൂലമുള്ള

www.malankaralibrary.com

രക്ഷയെപ്പററി രാജകുമാരനോടുപറയുകയും, യോഹന്നാൻെറ സുവിശേഷം 10-ാം അദ്ധ്യായം കുറെ വായിച്ചു കേൾപ്പിക്കുകയും ചെയ്യുന്നു. പെട്ടെന്നു രോഗിയ്ക്കു സുഖം കിട്ടുകയും, തനിക്കു എത്രയുംവേഗത്തിൽ അച്ചനിൽനിന്നു ജ്ഞാനസ്നാനം സ്വീകരിക്കണമെന്നു ആവശ്യപ്പെടുകയും ചെയ്യുന്നു. വിവരമറിഞ്ഞു അച്ചൻവന്നു [1693 ജനുവരി 6-ാംതീയതി] രാജകുമാരനെ ജ്ഞാനസ്നാനപ്പെടുത്തുന്നു. ഇതുമൂലം നമുക്കു കൂടുതൽ ആപത്തുകൾ ഉണ്ടാകുവാനിടയാകുമെന്നു ശിഷ്യനോടു രഹസ്യമായി പറഞ്ഞിട്ടു പോകുകയും ചെയ്യുന്നു.)

## രംഗം XIX

തടിയത്തേവർ രാജകുമാരൻെറ അന്തഃപുരമണ്ഡപം.

(രാജകുമാരൻെറ അഞ്ചുഭാര്യമാരും
കുട്ടികളും ദാസികളും ഇരിയ്ക്കുന്നു.)

ഒന്നാമത്തെ ഭാര്യ:- (മററുള്ള ഭാര്യമാരോടു) നമ്മുടെ സർവ്വസ്വവുമായിരുന്ന ഭർത്താവു ക്രിസ്തുമതത്തിൽ ചേർന്നിരിക്കുന്നു. ആ മതത്തിൻെറ നിയമമനുസരിച്ചു ഒരു ഭാര്യയെമാത്രമേ സ്വീകരിക്കുവാൻ നിവർത്തിയുള്ളുവെന്നും, അതിനാൽ നമ്മളിൽ നിന്നും നാലുപേരെ ഉപേക്ഷിക്കുവാൻ സമ്മതിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടിരിക്കുന്നു. എന്താണു ചെയ്യേണ്ടതു്?

www.malankaralibrary.com

രണ്ടാംഭാര്യ:- ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയെന്നുള്ളതു് രാജകുടുംബത്തിന് വലിയ അപമാനം ഉണ്ടാകുന്ന കാര്യമായതിനാൽ അദ്ദേഹം അതുചെയ്യരുതെന്നു് നമ്മൾ നിർബന്ധമായി പറയണം.

മൂന്നാം ഭാര്യ:- ഭർത്താവിൻെറ സുഖക്കേടു ഭേദമായപ്പോൾതന്നെ അദ്ദേഹത്തിനു് ക്രിസ്തുമതത്തിൽ ഉറച്ച വിശ്വാസമായിപ്പോയി. ഏതായാലും നമ്മൾ കാര്യമായി പറഞ്ഞുനോക്കണം.

നാലാം ഭാര്യ:- നമ്മുടെ സന്താനങ്ങളുടെ ഭാവി എത്ര കഷ്ടമായിരിക്കും. അതുകൊണ്ടു് കടലായി (5—ാംഭാര്യ) തന്നെ നിർബ്ബന്ധിച്ചുപറയട്ടെ! നമ്മുടെ ഭർത്താവിനു് ഇപ്പോൾ ഭേദമായില്ല കിട്ടിയിട്ടില്ലല്ലോ? രാമനാട്ടു രാജാവിൻെറ സഹോദരീപുത്രിയായ കടലായി പറയുന്നതു് തീർച്ചയായും രാജകുമാരൻ സമ്മതിയ്ക്കും. അതിനാൽ കടലായിതന്നെ പോയിപറയട്ടെ.

(കടലായി രാജകുമാരൻെറ മുറിയിൽചെന്നു് രാജകുമാരനോടു വിവരം പറയുന്നു. താൻ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ച് കത്തോലിക്കാസഭയിൽ ചേർന്നിരിക്കുന്നതിനാൽ ആ സഭയുടെ നിയമമനുസരിച്ചു് ഒന്നാമത്തെ ഭാര്യയെ മാത്രമേ ഭാര്യയായി സ്വീകരിക്കുകയുള്ളുവെന്നും, ശേഷമുള്ള നാലുപേരെ സഹോദരിമാരെപ്പോലെ സംരക്ഷിച്ചുകൊള്ളുവാനേ നിവൃത്തിയുള്ളുവെന്നും ഉറപ്പിച്ചു പറയുന്നു. കടലായിയിൽനിന്നും വിവരമറിഞ്ഞു മറ്റെ ഭാര്യമാരും ദുഃഖിക്കുന്നു.)

www.malankaralibrary.com

## രംഗം XX

(രാമനാട്ട രാജാവിൻെറ കൊട്ടാരം. രാജാവിൻെറ അടുത്തു് രാജ്ഞിയും മക്കളും സേവകരും നില്ക്കുന്നു. തൻെറ സഹോദരിയുടെ പുത്രിയും, തടിയത്തേവർ രാജകുമാരൻെറ ഭാര്യയുമായ കടലായിദുഃഖത്തോടു കൂടി വേലക്കാരുമായി രാജാവിൻെറ അടുക്കൽ വരുന്നു )

രാജാവ്:- മകളേ! വിശേഷമെന്തുണ്ടു്?

കടലായി:- അച്ഛാ, ഒരു വലിയ ആപത്തു് നമ്മുടെ രാജകുടുംബത്തിനു് വരാൻപോകുന്നു. അതുപറയാനാണു് ഞാൻ വന്നതു്.

രാജാവ്:- പറയൂ.

കടലായി:- അച്ഛാ! നമ്മുടെ നാട്ടിൽ പലയിടത്തും ഒരു യൂറോപ്യൻ സന്യാസി, ശിവനേയുംമററും ആരാധിക്കുന്നതു് തെററാണെന്നു പറഞ്ഞു് ഹിന്ദുമതത്തിൽനിന്നും ധാരാളം ജനങ്ങളെ ക്രിസ്തുമതത്തിൽ ചേർക്കുന്നുണ്ടല്ലോ? അയാൾ ഈയിടെ ഞങ്ങളുടെ ഭർത്താവിനെയും ക്രിസ്തുമതത്തിൽചേർത്തു. കൂടാതെ ഞങ്ങളുടെ ഭർത്താവിൻെറ 5 ഭാര്യമാരിൽ ഒരാളെ ഒഴികെ ശേഷമുള്ള എല്ലാവരേയും ഉപേക്ഷിക്കണമെന്നുമാണു് സന്യാസി ഭർത്താവിനോടു പറയുന്നതു്. ഞങ്ങൾ അഞ്ചുപേരുംകൂടി ഭർത്താവിനോടു വളരെതാഴ്മയായി കരഞ്ഞുപറഞ്ഞിട്ടും അദ്ദേഹം സമ്മതിക്കുന്നില്ല. നമ്മുടെ രാജകുടുംബ

www.malankaralibrary.com

ങ്ങിഞ ചിന്തിയ്ക്കാൻകൂടി പാടില്ലാത്ത കളങ്കമല്ലേ വന്നിരിയ്ക്കുന്നതു്. അതിനാൽ അച്ഛൻ ഇതിനു നിവർത്തിയുണ്ടാക്കിത്തരണം.

**രാജാ:-** മകളേ! അയാളെയും അയാളുടെ ജാതിയായ ക്രിസ്ത്യാനികളെ മുഴുവനെയും ഞാൻ നശിപ്പിച്ചേക്കാം. നീ കുറേദിവസം ഇവിടെ താമസിച്ചുകൊള്ളുക.

**രാജാവ്:-** ആരവിടെ? സേവകാ.

**സേവ:-** അടിയൻ

**രാജാവ്:-** ദിവാൻ ഇത്രടംവരെ വരുവാൻ നാം കല്പിയ്ക്കുന്നതായി പറയുക.

**സേവ:-** കല്പനപോലെ.

(സേവകൻ പോകുന്നു; ദിവാൻ വന്നു് രാജാവിനെ താണു തൊഴുന്നു.)

**രാജാവ്:-** കുമാരപിള്ളേ! യൂറോപ്യൻ ജാതികളെ നമ്മുടെ രാജ്യത്തുകയററിയതുതന്നെ നമുക്കു് വലിയ ആപത്തായിപ്പോയി. നമ്മുടെ സഹോദരപുത്രിയുടെ ഭർത്താവായ തടിയസ്സാത്തേവർ രാജകുമാരനെ, ഒരു സന്യാസി ക്രിസ്തുമതത്തിൽ ചേർത്തുപോലും. തന്നെയുമല്ല, ക്രിസ്ത്യാനികളുടെ നിയമമനുസരിച്ചു്, രാജകുമാരൻ ഒരു ഭാര്യയെ സ്വീകരിച്ചു് മററവരെയെല്ലാം ഉപേക്ഷിക്കണമെന്നു് സന്യാസി പറഞ്ഞതനുസരിച്ചു് ചെയ്യുവാൻ

www.malankaralibrary.com

പോകുന്നു. വിവരം നമ്മുടെ സഹോദരിയുടെ മകളും, രാജകുമാരൻെറ ഭാര്യയുമായ കടലായി നമ്മെ അറിയിച്ചിരിക്കുന്നു. അതിനാൽ ആ സന്യാസിയേയും, ശിഷ്യരേയും വിലങ്ങുവെച്ച് ജയിലിൽ അടയ്ക്കുകയും, ക്രിസ്ത്യാനികളുടെ സകല ദേവാലയങ്ങളും; സ്ഥാപനങ്ങളും വീടുകളും നശിപ്പിക്കുവാൻവേണ്ട ക്രമീകരണങ്ങളും ചെയ്തുകൊള്ളുക

ദിവാൻ:- കല്പനപോലെ (താണുതൊഴുന്നു.)

(രാജാവ് പറഞ്ഞതുപോലെ ദിവാൻ പോയി ക്രിസ്ത്യാനികളെ നശിപ്പിക്കാൻവേണ്ട ക്രമീകരണങ്ങൾ ചെയ്യുന്നു)

## രംഗം XXI

മുനി എന്ന മിഷ്യൻ സ്ഥലം. 1693—1—8.

ജോണച്ചനും 3 ഉപദേശിമാരുംകൂടി പ്രാർത്ഥിച്ചുകൊണ്ടുനില്ക്കുന്നു. പെട്ടെന്ന് പട്ടാളക്കാർ ഓടിവന്ന് അവരെ തറയിൽ തള്ളിയിട്ട് തൊഴിച്ചും അടിച്ചും അവശരാക്കുന്നു. 4 പേരെയും വിലങ്ങുവെച്ച് കുതിരകളുടെ വാലിൽകെട്ടി നടത്തിച്ച് രാമനാട്ടിലേക്ക് കൊണ്ടുപോകുന്നു. ഹനുമന്തൻകുടി എന്ന സ്ഥലത്തു ചെന്നപ്പോൾ മററുള്ളവർ കാണാൻ ക്ഷേത്രത്തിലെ രഥത്തിൽകയററിനിർത്തുന്നു. വേറൊരു സ്ഥലത്തുനിന്നും അരുൾനാഥൻ, മുത്തുപ്പിള്ള, മരിയ ദാസൻ എന്നിവരേയും വിലങ്ങുവെച്ചു കൊണ്ടുവരുന്നു. അവരേയുംകൂട്ടി 11—ാം ദിവസം

www.malankaralibrary.com

രാമനാട്ടിൽ ചെല്ലുന്നു. എല്ലാവരേയുംക്കൂടി തടവിൽ പാർപ്പിക്കുന്നു. വിവരമറിഞ്ഞ തടിയയ്യാത്തേവർ രാജകുമാരൻ ജയിലിൽചെന്ന് അവരെ കാണുന്നു. അവർക്കു വേണ്ട സഹായങ്ങൾ ചെയ്തുകൊടുത്തശേഷം രാജാവിന്റെ അടുക്കൽചെന്ന്, അവരുടെ മതവിശ്വാസം സത്യമാണെന്നും, അവരെ വിട്ടയയ്ക്കണമെന്നും അപേക്ഷിയ്ക്കുന്നു. രാജാവ് അതുസമ്മതിയ്ക്കാതെ മന്ത്രവാദികൾവഴി സന്യാസിയെ കൊല്ലാൻ ശ്രമിയ്ക്കുന്നു. സാധിക്കാഞ്ഞിട്ട് സന്യാസിയേയും (അച്ചനേയും) കൂട്ടരേയും കൊല്ലാൻ കല്പിയ്ക്കുന്നു

## രംഗം XXII

ഓരിയൂർ മൈതാനം. 1693—1—28.

ഫാദർ ജോണിനെയും, കൂട്ടരേയും വിലങ്ങുവച്ച് നടത്തിക്കൊണ്ടു് രാമനാട്ടു രാജാവ്, കുതിരപ്പട്ടാളത്തിന്റെ നടുവിൽ ഒരു ആനപ്പുറത്തുകയറി യാത്രചെയ്യുന്നു. പടയാളികളുടെ കുഴൽവിളികേട്ട് വഴിയരികിലുള്ള ജനങ്ങൾ ഭയന്നുമാറുന്നു. കുറെ കഴുകന്മാർ അവിടെ ചുററിനടക്കുന്നു മൈതാനത്തോട്ട് അടുത്തയുടനെ പട്ടാളക്കാർവന്നു് അച്ചന്റെയും കൂട്ടരുടേയും കണ്ണുകൾമൂടിക്കെട്ടിയപ്പോൾ അവർ പത്തുകല്പനയും, വിശ്വാസപ്രമാണവും ചൊല്ലുന്നു. പട്ടാളക്കാർ അവരെ വെടിവെയ്ക്കുന്നെങ്കിലും ആരുടേയും ദേഹത്തുകൊള്ളുന്നില്ല. രാജാവ് കോപിച്ച് അച്ചനോട്ടു്, ഈ ദുഷിച്ചമതം ഇവിടെ

www.malankaralibrary.com

പ്രസംഗിച്ചതു് എന്തിനാണെന്നു ചോദിക്കുന്നു. മന്ത്രിമാരിൽ ഒരാളായ കറുപ്പൻ അച്ചന്റെ വലത്തെ ചെകിട്ടത്തു് അടിക്കുന്നു. അച്ചൻ ഇടത്തെ ചെകിടും കാണിച്ചുകൊടുക്കുന്നു. ഉടനെതന്നെ അവരെ കൊല്ലാൻ രാജാവു് പറഞ്ഞുവെങ്കിലും, തടിയത്തേവർ അപേക്ഷിച്ചതനുസരിച്ചു് വീണ്ടും ജയിലിൽ കൊണ്ടുപോയി അടയ്ക്കുന്നു.

## രംഗം XXIII

### ചാമ്പൽ ബുധനാഴ്ച. 1693—2—4.

### രക്തസാക്ഷിത്വം.

ഫാദർ ജോൺ കൊലക്കളത്തിൽ പാറപ്പുറത്തു് മുട്ടുകുത്തി സന്തോഷത്തോടെ പ്രാർത്ഥിക്കുന്നു. പിന്നീടു് എഴുന്നേററു് തന്നെ കൊല്ലുവാൻ തുടങ്ങുന്ന ആളിനെയും ആ ആളിന്റെ കുടുംബത്തേയും അനുഗ്രഹിക്കണമേയെന്നു് പ്രാർത്ഥിച്ചു് ഉടയാർത്തേവരെ ആലിംഗനം ചെയ്യുന്നു. ഉടനെ പെരുമാൾ എന്ന പട്ടാളക്കാരൻ അച്ചൻെറ കഴുത്തിനു വെട്ടുകയും കൈകളും കാലുകളും മുറിച്ചുകളയുകയും ചെയ്യുന്നു. അച്ചൻെറ കൂടെയുണ്ടായിരുന്ന അരുളൻ പഞ്ചമനേയും, കസ്തൂരിപണിക്കനേയും, മൂക്കും ചെവിയും അറുത്തുവിടുകയും ചെയ്യുന്നു. അച്ചൻെറ ശരീരവും, തലയും ഒരു കഴയിൽ കെട്ടിത്തൂക്കി കഴുകനു് ഇട്ടുകൊടുക്കുന്നു. പിന്നീടു കിട്ടിയ അവശിഷ്ടങ്ങൾ വിശ്വാസികളെടുത്തു് ഗോവായിൽ കൊണ്ടുപോകുന്നു. അച്ചൻെറ കഴുത്തിൽകിടന്ന കുരിശു് ആവൂർ ഉപദേശി എടുത്തു ചുംബിക്കുന്നു.

www.malankaralibrary.com

## രംഗം XXIV

വിശുദ്ധ പദപ്രഖ്യാപനം! 1947—6—22

റോമിൽ വിശുദ്ധ പത്രോസിന്റെ പള്ളി.

പന്ത്രണ്ടാം പീയൂസ് മാർപാപ്പാ ഔദ്യോഗിക വേഷത്തിൽ തിരുസിംഹാസനത്തിൽ ഇരിക്കുന്നു. ഗായകസംഘം കർണ്ണാനന്ദകരമായ പാട്ടുപാടുന്നു. കർദ്ദിനാളന്മാർ പ്രാർത്ഥനയ്ക്കുശേഷം "പരിശുദ്ധാത്മാവേ! എഴുന്നെള്ളിവരുക" എന്ന പാട്ട് ചൊല്ലുന്നു. അനന്തരം "1693 ഫെബ്രുവരി 4—ാംതീയതി ഇൻഡ്യയിൽ രാമനാട്ടിൽവച്ച് രക്തസാക്ഷിയായ ജോൺ ഡിബ്രിട്ടോ (അരുളാനന്ത സ്വാമി) എന്ന വൈദികനെ നാം വിശുദ്ധനായി പ്രഖ്യാപിക്കുന്നു"വെന്നു മാർപാപ്പ കല്പിച്ചിട്ട് വിളംബരത്തിൽ ഒപ്പുവെയ്ക്കുന്നു.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com